**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4461** **01-07-2024 - ൽ മറുപടിയ്ക്ക്**

**അനധികൃത ഖനന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മൈനിംഗ് & ജിയോളജി വകുപ്പിന്റെ 14 ജില്ലാ ആഫീസുകളും 14 ജില്ലാ സ്ക്വാഡുകളും സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചും വരുന്നു. ക്വാറികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് റവന്യൂ, പോലീസ് വകുപ്പുകളിലെ ബന്ധപ്പെട്ട അധികാരികളെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡ്, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പെട്രോളിയം അൻഡ് എക്സ്പ്ലോസീവ്സ് എന്നീ സ്ഥാപനങ്ങളും ക്വാറികളിൽ പരിശോധന നടത്താറുണ്ട്. |
| (ബി) | റവന്യൂ പുറമ്പോക്കുകളിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. റവന്യൂ ഭൂമിയുടെ സംരക്ഷണം റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. റവന്യൂ പുറമ്പോക്കുകളിൽ അനധികൃത ഖനനം മൈനിംഗ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിയമനടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഖനനത്തിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (സി) | അനധികൃത ധാതു ഖനന, ഗതാഗത പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും പോലീസ്, റവന്യൂ, മോട്ടോർ വെഹിക്കൾ ഡിപ്പാർട്ട്മെന്റ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവരുടെ സംയുക്ത പരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ